ടി.കെ ഉബൈദ്



ഖുർആൻ ബോധനം

1003

# സൂറ – 31 / ലുഖ്മാൻ

**സൂക്തം: 01 – 05**

സുസമ്മത ധർമങ്ങൾ മനുഷ്യന്റെ സാമാന്യ ബോധത്തിന്റെ ഉൽപന്നമാണെന്ന് സെക്യുലർ ചിന്തകന്മാർ വാദിക്കുന്നു. സുസമ്മത ധർമങ്ങളെ ഉൽപാദിപ്പിക്കുന്ന സാമാന്യബോധം, അല്ലെങ്കിൽ സാമാന്യബോധത്തിലേക്ക് ഈ സുസമ്മത ധർമങ്ങൾ എവിടെനിന്നു വന്നു എന്ന് വിശദീകരിക്കാൻ അവർ ശ്രമിക്കുന്നില്ല. അങ്ങനെ സർവജ്ഞനായ ഒരു സ്രഷ്ടാവിനെയും അവൻ നൽകുന്ന പ്രകൃതിയെയും അംഗീകരിക്കുന്നതിൽനിന്ന് ഒഴിഞ്ഞുമാറുകയാണവർ.

## ആമുഖം

**12-19 സൂക്തങ്ങളിൽ** ലുഖ്മാൻ എന്ന തത്ത്വചിന്തകന്റെ ഉപദേശങ്ങൾ ഉദ്ധരിച്ചിട്ടുള്ളതുകൊണ്ടാണ് സൂറ 'ലുഖ്മാൻ' എന്ന് നാമകരണം ചെയ്യപ്പെട്ടത്. മുസ്ഹഫിൽ 31-ാമതായി ചേർത്തിട്ടുള്ള ഈ സൂറ അവതരണക്രമമനുസരിച്ച് 57-ാമത്തേതാണ്. സൂറ *അസ്സ്വാഫാത്തി*നും *സബഇനും* ഇടയിലായിട്ടാണ് ഈ സൂറ അവതരിച്ചത്.

അവതരണം മക്കയിലാണെന്ന കാര്യത്തിൽ തർക്കമില്ല. എങ്കിലും ഇതിലെ 4,27,28,29 സൂക്തങ്ങൾ മദീനയിൽ അവതരിച്ചവയാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. 4-ാം സൂക്തം ഇഖാമത്തുസ്സ്വലാത്തും ഈതാഉസ്സകാത്തും (നമസ്കാരം നിലനിർത്തലും സകാത്ത് നൽകലും) പരാമർശിക്കുന്നുവെന്നും ഈ രണ്ടു കാര്യങ്ങളും നിയമമാക്കപ്പെട്ടത് മദീനയിലാണെന്നുമാണ് ന്യായം. 27-29 സൂക്തങ്ങൾ യഹൂദ പണ്ഡിതന്മാരുമായുള്ള സംവാദത്തിന്റെ പശ്ചാത്തലത്തിൽ അവതരിച്ചതാണ്. യഹൂദരുമായി സംവാദം നടന്നിരുന്നത് മദീനയിലാകുന്നു എന്നതാണ് പ്രസ്തുത സൂക്തങ്ങൾ മക്കിയാണെന്ന് അഭിപ്രായപ്പെടുന്നതിന്റെ ന്യായം. ഈ രണ്ടു ന്യായങ്ങളും ദുർബലമാണെന്നാകുന്നു ഭൂരിഭാഗം ഖുർആൻ വ്യാഖ്യാതാക്കളുടെയും നിലപാട്. നമസ്കാരം നിലനിർത്താനും സകാത്ത് കൊടുക്കാനുമുള്ള കൽപന പ്രവാചകൻ മക്കയിലായിരുന്നപ്പോൾ തന്നെ ഉണ്ടായിരുന്നു. മുസ്‌ലിംകൾ നമസ്കരിക്കുകയും സകാത്ത് കൊടുക്കുകയും ചെയ്തിരുന്നതുമാണ്. നമസ്കാരത്തിന് പള്ളികൾ സ്ഥാപിക്കുകയും സംഘടിത സമ്പ്രദായം ഏർപ്പെടുത്തുകയുമാണ് മദീനയിൽ ചെയ്തത്. അതുപോലെ സകാത്ത് കൊടുക്കേണ്ട ധനം ഏതൊക്കെയെന്നും അതിന്റെ അളവെത്രയെന്നും നിർബന്ധമായി കൊടുക്കേണ്ട വിഹിതമെത്രയാണെന്നും നിശ്ചയിച്ചത് മദീനയിലാണ്. അതിനാൽ പ്രസ്തുത സൂക്തങ്ങൾ മദനിയാണെന്ന് വാദിക്കുന്നത് ശരിയല്ലെന്നാണ് പൊതുവായ അഭിപ്രായം.

27-29 സൂക്തങ്ങൾ അവതരിച്ചത് യഹൂദരുമായുള്ള സംവാദത്തിന്റെ പശ്ചാത്തലത്തിലാണെന്ന് ഖണ്ഡിതമായി സ്ഥാപിക്കപ്പെട്ടിട്ടില്ല. വേദവിശ്വാസികൾ അപൂർവമായെങ്കിലും മക്കയിലും പ്രവാചകനെ സന്ദർശിക്കുകയും സംവദിക്കുകയും ചെയ്തിരുന്നു. വേദക്കാർ, വിശേഷിച്ചും യഹൂദർ പല വിവാദ വിഷയങ്ങളും പ്രവാചകനോട് ചോദിക്കാൻ ഖുറൈശികളെ ഉപദേശിക്കാറുണ്ടായിരുന്നു. ആ നിലക്ക് ഈ സൂക്തങ്ങൾക്ക് വേദക്കാരുമായുള്ള സംവാദവുമായി ബന്ധമുണ്ടെങ്കിൽപോലും അത് സൂക്തങ്ങളുടെ അവതരണം മക്കയിലായിരിക്കൽ അനിവാര്യമാക്കുന്നില്ല. സർവോപരി വേദക്കാരുമായുള്ള സംവാദം സൂചിപ്പിക്കുന്ന ഒരു വാക്കും ഈ സുക്തങ്ങളിൽ ഇല്ല.

അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചിട്ടുള്ളത് ഏതൊരു പ്രകൃതിയിലാണോ, ആ പ്രകൃതി താൽപര്യപ്പെടുന്ന ദീനിലേക്കാണ് ഈ ഖുർആൻ മനുഷ്യനെ വിളിക്കുന്നത് എന്ന് തൊട്ടുമുമ്പുള്ള സൂറ വിശദമാക്കിയിരുന്നുവല്ലോ. ആ വാദം സ്ഥാപിക്കാൻ മനുഷ്യനിലും അവന്റെ ചുറ്റുപാടിലുമുള്ള നിരവധി ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു. അത്തരം ദൃഷ്ടാന്തങ്ങൾക്കു പുറമെ അറബികൾ മഹാ തത്ത്വചിന്തകനായി കരുതിപ്പോരുന്ന ലുഖ്മാന്റെ ഉപദേശങ്ങൾ കൂടി ഈ സൂറ ഉദ്ധരിക്കുന്നുണ്ട്.

പ്രവാചകൻ പഠിപ്പിക്കുന്ന പാഠങ്ങളൊക്കെ, ബുദ്ധിപൂർവം യാഥാർഥ്യങ്ങൾ ചിന്തിച്ചു ഗ്രഹിച്ചിരുന്ന പൂർവികരായ വിവേകശാലികൾ നേരത്തേ പഠിപ്പിച്ചിട്ടുള്ളതാണെന്ന് ബോധ്യപ്പെടുത്തുകയാണിതിന്റെ ഉദ്ദേശ്യം. അതായത് ഖുർആൻ പറയുന്നതെല്ലാം സാമാന്യബുദ്ധി സമ്മതിക്കുന്ന സത്യങ്ങളാകുന്നു. അല്ലെങ്കിൽ ബുദ്ധിയെയും ചിന്തയെയും വിവേകപൂർവം ഉപയോഗിച്ച ചിന്തകർ ഇതേ യാഥാർഥ്യങ്ങളിൽ എത്തിച്ചേരുമായിരുന്നില്ല.

സുസമ്മത ധർമങ്ങൾ മനുഷ്യന്റെ സാമാന്യ ബോധത്തിന്റെ ഉൽപന്നമാണെന്ന് സെക്യുലർ ചിന്തകന്മാർ വാദിക്കുന്നു. സുസമ്മത ധർമങ്ങളെ ഉൽപാദിപ്പിക്കുന്ന സാമാന്യബോധം, അല്ലെങ്കിൽ സാമാന്യബോധത്തിലേക്ക് ഈ സുസമ്മത ധർമങ്ങൾ എവിടെനിന്നു വന്നു എന്ന് വിശദീകരിക്കാൻ അവർ ശ്രമിക്കുന്നില്ല. അങ്ങനെ സർവജ്ഞനായ ഒരു- فاطر-സ്രഷ്ടാവിനെയും അവൻ നൽകുന്ന പ്രകൃതി - فطرة- യെയും അംഗീകരിക്കുന്നതിൽനിന്ന് ഒഴിഞ്ഞുമാറുകയാണവർ. അതുകൊണ്ട് നന്മതിന്മകളെ വിവേചിക്കാൻ കൃത്യമായ ഒരു മാനദണ്ഡം നിർണയിക്കാൻ അവർക്ക് കഴിയുന്നില്ല. ഖുർആനാകട്ടെ ധർമങ്ങളുടെ മാത്രമല്ല, മുഴുവൻ ദീനിന്റെയും അടിത്തറ മനുഷ്യപ്രകൃതിയിന്മേൽ സ്ഥാപിച്ചിരിക്കുന്നു. ഈ പ്രകൃതിയോ, യുക്തിജ്ഞനായ ഒരു സ്രഷ്ടാവിനാൽ നിർമിതമാകുന്നു. സ്രഷ്ടാവ് സൃഷ്ടിച്ചുവെച്ച പ്രകൃതിയിൽനിന്ന് സൃഷ്ടി വ്യതിചലിക്കാവതല്ല. സ്വന്തം പ്രകൃതിയിൽനിന്ന് സ്വതന്ത്രനാകുന്നത് വിനാശകരമാകുന്നു. അത് പ്രകൃതിയുടെ വിധാതാവിനെ അപ്രീതനാക്കുകയും ചെയ്യുന്നു. മനുഷ്യന്റെ മാർഗദർശനാർഥം പ്രകൃതി അവന്റെ ഉള്ളിൽ അറിവുകളുടെയും പൊരുളുകളുടെയും ഒരു ഖജനാവ് സ്ഥാപിച്ചിട്ടുണ്ട്. സാഹചര്യങ്ങളുടെ സ്വാധീനം ആ ഖജനാവിനെ വികലമാക്കാം. ബോധപൂർവം തെറ്റായി ഉപയോഗിച്ചുകൊണ്ടും പ്രകൃതിവിരോധം അനുവർത്തിക്കാം. അതുകൊണ്ടാണ് അല്ലാഹു ദൈവദൂതന്മാരിലൂടെയും വേദഗ്രന്ഥങ്ങളിലൂടെയും പ്രകൃതിയുടെ താൽപര്യങ്ങൾ വിശദീകരിച്ചുതന്നത്. നടേ സൂചിപ്പിച്ചപോലെ മുഹമ്മദീയ സന്ദേശം ഖുർആനിനെ നിഷേധിക്കുന്നവർ കൂടി മഹാജ്ഞാനിയായി അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്ന ലുഖ്മാനുൽ ഹകീം നേരത്തേ പറഞ്ഞിട്ടുള്ളതാണെന്ന് ഉണർത്തുകയാണീ സൂറ. അതോടൊപ്പം പ്രാപഞ്ചിക ദൈവിക ദൃഷ്ടാന്തങ്ങൾ പുതിയൊരു ശൈലിയിൽ അവതരിപ്പിച്ചുകൊണ്ട് ഖുർആനിക പ്രബോധനത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

ഇസ്‌ലാമിക ദർശനത്തിന്റെ യാഥാർഥ്യം ബോധ്യപ്പെട്ട് പ്രവാചക ശിഷ്യത്വം സ്വീകരിച്ച യുവാക്കളെ പൂർവമതത്തിലേക്ക് തിരിച്ചുവരാൻ അവരുടെ കുടുംബം നിർബന്ധിച്ചുകൊണ്ടിരുന്ന സാഹചര്യത്തിലാണ് ഈ സൂറ അവതരിച്ചതെന്നും പ്രസ്താവമുണ്ട്. മാതാപിതാക്കളോടുള്ള വിധേയത്വമോ കുടുംബത്തോടുള്ള കൂറോ, തനിക്കു ബോധ്യപ്പെട്ടുകഴിഞ്ഞ സത്യധർമങ്ങളിൽനിന്ന് ഒരുവൻ വ്യതിചലിക്കാൻ കാരണമായിക്കൂടെന്ന് ഉണർത്തിയിരിക്കുകയാണ്. ബുദ്ധിയും വിവേകവുമുള്ള മാതാപിതാക്കൾ മക്കളുടെ സന്മാർഗത്തെ തടയുകയല്ല, മക്കളെ സന്മാർഗത്തിലേക്ക് നയിക്കുകയാണ് ചെയ്യുക. അതിന് ഉദാഹരണമാണ് ലുഖ്മാനുൽ ഹകീം തന്റെ പുത്രനു നൽകിയ ഉപദേശം.

സൂറ *അർറൂമും* *ലുഖ്മാനും* തമ്മിൽ താഴെ പറയുന്ന ബന്ധങ്ങൾ ഉള്ളതായി നിരീക്ഷിക്കപ്പെട്ടിരിക്കുന്നു: 1) രണ്ടു സൂറയും الٓمٓ എന്ന് തുടങ്ങുന്നു. 2) *അർറൂം* അവസാനത്തിൽ (സൂക്തം 58) മനുഷ്യർക്ക് യാഥാർഥ്യം ഗ്രഹിക്കാൻ വേണ്ടതെല്ലാം ഈ ഖുർആൻ വിശദീകരിച്ചതായി പ്രസ്താവിച്ചിരിക്കുന്നു. അതിന്റെ പൂരകമെന്നോണമാണ് ഈ സൂറയുടെ تِلْكَ آيَاتُ الْكِتَابِ الْحَكِيمِ എന്ന തുടക്കം. 3) രണ്ടു സൂറയും മരിച്ചുപോയവരെ ഉയിർത്തെഴുന്നേൽപിക്കാനുള്ള അല്ലാഹുവിന്റെ കഴിവിനെ വ്യത്യസ്ത ശൈലിയിൽ ഊന്നിപ്പറയുന്നു. *അർറൂം* 27-ൽ ആദ്യം സൃഷ്ടിച്ചവന് അതിന്റെ ആവർത്തനം താരതമ്യേന അനായാസകരമാണെന്നു പറയുമ്പോൾ ഈ സൂറ 28-ാം സൂക്തം മുഴുവൻ മനുഷ്യരെയും സൃഷ്ടിക്കുകയും ഉയിർത്തെഴുന്നേൽപിക്കുകയും ചെയ്യുന്നത് ഒരൊറ്റ മനുഷ്യനെ സൃഷ്ടിക്കുകയും ഉയിർത്തെഴുന്നേൽപിക്കുകയും ചെയ്യുന്നതുപോലെയാണ് അല്ലാഹുവിന് എന്നു പറയുന്നു. ●

---

الٓمٓ ﴿١﴾

1. അലിഫ്-ലാം-മീം

സൂറകളുടെ ആരംഭത്തിൽ വരുന്ന ഒറ്റ അക്ഷരങ്ങളെക്കുറിച്ച് *ഖുർആൻ ബോധനം* നേരത്തേ ചർച്ച ചെയ്തിരിക്കുന്നു. ഈ അക്ഷരങ്ങൾ സൂറകളുടെ ഖുർആനിക നാമമാണ് എന്നും അഭിപ്രായമുണ്ട്. അത് സ്വീകരിക്കുമ്പോൾ ചില സൂറകൾ അനാമികമാണെന്നും പറയേണ്ടിവരും. അല്ലെങ്കിൽ സൂറ ആരംഭിക്കുന്നത് ഏതു വാക്കുകൊണ്ടാണോ ആ വാക്ക് സൂറയുടെ ഖുർആനിക നാമമാണ് എന്ന്. തുടക്കത്തിലെ ഒറ്റ അക്ഷരങ്ങളുമായി ബന്ധപ്പെട്ട് പൊതുവായി കാണപ്പെടുന്ന ഒരു കാര്യമുണ്ട് അധിക സൂറകളിലും. അതിനുശേഷം പറയുന്നത് ഖുർആനിനെ, അതിലെ സൂക്തങ്ങളെ കുറിച്ചായിരിക്കും. തൊട്ടുമുമ്പുള്ള *അൽ അൻകബൂത്ത്, അർറൂം* പോലുള്ള ചില സൂറകൾ ഇതിൽനിന്നൊഴിവാണ്. അവ തുടങ്ങുന്നത് ഒറ്റ അക്ഷരങ്ങൾകൊണ്ടാണെങ്കിലും തുടർന്നു പറയുന്നത് വേറെ വിഷയങ്ങളാണ്. എന്നാൽ *അർറൂമി*നു മുമ്പുള്ള *അന്നംല്, അൽ ഖസ്വസ്* സൂറകൾ طسٓمٓ - طسٓ എന്നീ അക്ഷരങ്ങളിൽ തുടങ്ങിയ ശേഷം ഖുർആനിനെയാണ് തുടർന്ന് പരാമർശിക്കുന്നത്. *അൽബഖറ* മുതലുള്ള മിക്ക സൂറകൾക്കും ഈ പ്രത്യേകത കാണാം. തുടക്കത്തിലെ മറ്റ് അക്ഷരങ്ങൾ നിഷേധികളോടുള്ള ഖുർആന്റെ വെല്ലുവിളിയെ പ്രതിനിധീകരിക്കുന്നു എന്ന വ്യാഖ്യാനവുമായി ഇതിന് യോജിപ്പുണ്ട്. നിങ്ങൾ സംസാരിക്കുന്ന അക്ഷരങ്ങളും വാക്കുകളും കൊണ്ടു വിരചിതമാകുന്നു ഈ ഖുർആൻ. പക്ഷേ അത് നിങ്ങൾ പറയുന്നതുപോലെ മനുഷ്യകൃതിയല്ല; ദൈവം അവതരിപ്പിക്കുന്നതാണ്. ഇത് മനുഷ്യരചന തന്നെയാണെങ്കിൽ ഇതേ അക്ഷരങ്ങളും വാക്കുകളുമുപയോഗിച്ച് നിങ്ങളും അതുപോ

ലൊന്ന് രചിച്ചു കാണിക്കുക. ഇതാണ് വെല്ലുവിളി. വ്യത്യസ്തമായ നിരവധി വ്യാഖ്യാനങ്ങളിലൊന്നു മാത്രമാണിത്. തങ്ങൾ പറയുന്നതു തന്നെയാണ് യഥാർഥ വ്യാഖ്യാനമെന്ന് ആരും ഉറപ്പിച്ചു പറയുന്നില്ല. ആത്യന്തികമായി എല്ലാവരും പറയുന്നത് الله اعلم بمراده- അതിന്റെ ഉദ്ദേശ്യമെന്തെന്ന് ഏറ്റം അറിയുന്നത് അല്ലാഹു മാത്രം- എന്നാകുന്നു. ●

---

تِلْكَ آيَاتُ الْكِتَابِ الْحَكِيمِ ﴿٢﴾
هُدًى وَرَحْمَةً لِّلْمُحْسِنِينَ ﴿٣﴾

2. ജ്ഞാനപ്രദമായ വേദസൂക്തങ്ങളാണിവ.

3. സുകൃതർക്ക് സന്മാർഗദർശകവും ദൈവാനുഗ്രഹവുമായിട്ടുള്ളത്.

**2,3**

تِلْكَ= (ഇര) അത് آيَاتُ الْكِتَابِ= വേദസൂക്തങ്ങളാകുന്നു
الْحَكِيمِ= ജ്ഞാനപ്രദമായ هُدًى = സന്മാർഗദർശക(വും)മായിട്ടുള്ളത്
وَرَحْمَةً= (ദൈവാനുഗ്രഹവുമായിട്ടുള്ളത്) കാരുണ്യവും لِّلْمُحْسِنِينَ = സുകൃതർക്ക്

ഇവ (تِلْكَ) മുഴുവൻ ഖുർആനുമാവാം, ഈ സൂറ മാത്രവുമാവാം. വ്യാഖ്യാതാക്കൾ പൊതുവിൽ സ്വീകരിച്ചിട്ടുള്ളത് രണ്ടാമതു പറഞ്ഞ സൂചനയെയാണ്. 'അൽകിതാബ്' ഖുർആനാണ്. الْكِتَابِ الْحَكِيمِ -ന്റെ താൽപര്യം ജ്ഞാനമുൾക്കൊള്ളുന്ന ഗ്രന്ഥമെന്നാകാം, ജ്ഞാനിയിൽനിന്നുള്ള വേദമെന്നുമാകാം. ആദ്യത്തെ അർഥമാണ് പൊതുവിൽ സ്വീകരിക്കപ്പെട്ടിട്ടുള്ളത്. حَكِيم- ന് തത്ത്വജ്ഞാനി, ദാർശനികൻ എന്നും അർഥമുണ്ട്. ശേഷം തത്ത്വജ്ഞാനിയായ ലുഖ്മാനെ- لقمان الحكيم - കുറിച്ച് പറയുന്നുവെന്നതാവാം ഇവിടെ സൂറയെ الْحَكِيم എന്നും വിശേഷിപ്പിച്ചതിന്റെ ഔചിത്യം. സുഭദ്രമായ (مُحْكَم) എന്ന അർഥത്തിലുമാവാം حَكِيم ഉപയോഗിച്ചത്. അബദ്ധങ്ങളിൽനിന്നും അനാവശ്യങ്ങളിൽനിന്നും മുക്തമായ സുവ്യക്ത സൂക്തങ്ങൾ എന്നാകും അപ്പോൾ ആശയം. تِلْكَ آيَاتُ الْكِتَابِ الْحَكِيمِ എന്ന വാക്യം സൂറ *യൂനുസി*ന്റെ ഒന്നാം സൂക്തത്തിലും വന്നിരിക്കുന്നു. കൂടുതൽ വിശദീകരണം പ്രസ്തുത സൂക്തത്തിനു താഴെ കാണുക.

ഈ വേദസൂക്തങ്ങൾ അവതരിപ്പിക്കുന്നതിന്റെ പ്രയോജനമെന്തെന്നും ആരാണത് പ്രയോജനപ്പെടുത്തുക എന്നുമാണ് തുടർന്നു പറയുന്നത്. മനുഷ്യർക്ക് സന്മാർഗജ്ഞാനം നൽകുന്നുവെന്നതാണ് പ്രയോജനം. അടിസ്ഥാനപരമായ സന്മാർഗബോധം മനുഷ്യന്റെ അന്തരാളങ്ങളിൽ തന്നെയുണ്ടെങ്കിലും പൈശാചിക ദുർബോധനവും ജീർണമായ ചുറ്റുപാടുകളുടെ സ്വാധീനവും അവനെ സന്മാർഗത്തിൽനിന്ന് വ്യതിചലിപ്പിച്ചുകൊണ്ടിരിക്കുന്നതിനാൽ ആ നൈസർഗിക ബോധത്തെ ഉണർത്തുകയും സന്മാർഗ സഞ്ചാരത്തിന്റെ കർമരൂപം വിശദീകരിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു മാധ്യമം പുറത്തുനിന്ന് അവന് ലഭിക്കേണ്ടത് അത്യാവശ്യമാണ്. ആ മാധ്യമമാകുന്നു ഖുർആനും പ്രവാചകനും. ജീവിതത്തെ നാശത്തിലേക്കും നഷ്ടത്തിലേക്കും നയിക്കുന്ന നിരവധി വക്രമാർഗങ്ങളുടെ നടുവിൽ വാഴുന്ന മനുഷ്യന് ഈവിധം ഒരു സന്മാർഗ മാധ്യമം ലഭിക്കുന്നത് ഏറ്റവും വലിയ അനുഗ്രഹവും ദൈവകാരുണ്യവുമാകുന്നു.

സുകൃതർക്ക് مُحْسِنِينَ- ആണിത് പ്രയോജനപ്പെടുക. അഥവാ സുകൃതർ മാത്രമേ അതു പ്രയോജനപ്പെടുത്തുകയുള്ളൂ. محسن -ന്റെ അർഥം നേരത്തേ പലവട്ടം വ്യക്തമാക്കിയിട്ടുള്ളതാണ്. ചിന്തിക്കാനും ഗ്രഹിക്കാനുമുള്ള പ്രകൃതിപരമായ കഴിവുകളെ സജീവമായി നിലനിർത്തുകയും തങ്ങളുടെ ഉൾക്കാഴ്ച ആവശ്യപ്പെടുന്നതിന്റെ പരമാവധി നന്മകൾ നല്ല രീതിയിൽ പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് ഇവിടെ ഇതുകൊണ്ടുദ്ദേശ്യം. *അൽബഖറ* 2-ാം സൂക്തത്തിൽ هُدًى لِّلْمُتَّقِينَ എന്നു പറഞ്ഞതിനു സമാനമാണ് ഇവിടെ لِّلْمُحْسِنِينَ എന്നു പറയുന്നത്. ദൈവദാസനെ احسان ചെയ്യാൻ പ്രചോദിപ്പിക്കുന്ന അടിസ്ഥാന ഗുണമാണ് تقوى . ഇത് മാനസിക ഗുണമാണെങ്കിൽ احسان അതിന്റെ കർമരൂപമാണ്. ഈമാനിന്റെ അകവും പുറവുമാണ് തഖ്‌വയും ഇഹ്സാനും. ഇഹ്സാനിന് പ്രചോദനം നൽകാത്ത തഖ്‌വ യഥാർഥ തഖ്‌വയല്ല. തഖ്‌വയാൽ പ്രചോദിതമായിട്ടല്ലാതെ ഉണ്ടാകുന്ന ഇഹ്സാൻ യഥാർഥ ഇഹ്സാനുമല്ല. അത് ദേഹേഛകളുടെ പൂർത്തീകരണാർഥം ചെയ്യുന്ന കാര്യങ്ങളുടെ ഭാഗം മാത്രമായിരിക്കും. ഈമാനിന്റെ ഭാഗമായി ചെയ്യുന്ന സൽകർമമാണ് احسان .

വിശ്വാസവും കർമവും ചേർന്നതാണ് ഈമാൻ. കർമമില്ലാത്ത ഈമാനും ഈമാനില്ലാത്ത കർമവും അപൂർണമാണ്. അതുകൊണ്ടാണ് വിശിഷ്ട ജീവിതം നയിച്ച് പരലോകവിജയം നേടുന്നവരെക്കുറിച്ച് مَنْ عَمِلَ صَالِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ -പുരുഷനാവട്ടെ, സ്ത്രീയാവട്ടെ വിശ്വാസിയായിക്കൊണ്ട് സൽക്കർമം ചെയ്യുന്നവർ- എന്ന് ഖുർആൻ (16:97, 40:40) ആവർത്തിച്ചു പറയുന്നത്.

സുകൃതർ - محسنين -ക്കു മാത്രമേ ഈ ഖുർആൻ പ്രയോജനപ്പെടൂ എന്നതിന്റെ മറുവശം മുഹ്സിനുകളാവാതെ സ്വന്തം പ്രകൃതിയെ വികൃതമാക്കി ദുർവൃത്തികളിൽ വിഹരിക്കുന്ന ദുഷ്ടജനത്തിന് ഇത് പ്രയോജനപ്പെടുകയില്ല എന്നാകുന്നു. അത്തരക്കാർ ഖുർആനിനെ മാനിക്കാനോ അനുസരിക്കാനോ തയാറാവില്ല. സുകൃതരാവട്ടെ ഇതിനെ സ്വന്തം പ്രകൃതിയുടെ, മനസ്സാക്ഷിയുടെ ശബ്ദമായി കേൾക്കും. സൂറയുടെ ആദ്യത്തെ 5 സൂക്തങ്ങൾ തുടർന്ന് പറയുന്ന വിഷയത്തിലേക്കുള്ള മുഖവുരയായി വിലയിരുത്താം. ഖുറൈശികൾ ലുഖ്മാനുൽ ഹകീമിനെക്കുറിച്ച് പറയാൻ പ്രവാചകനോട് ആവശ്യപ്പെട്ടപ്പോഴാണ് ഈ സൂറ അവതരിച്ചതെന്ന് ഒരഭിപ്രായമുണ്ട്. അതനുസരിച്ച് 1 മുതൽ 11 വരെയുള്ള സൂക്തങ്ങൾ ലുഖ്മാനുൽ ഹകീമിന്റെ ഉപദേശങ്ങൾ ഉദ്ധരിക്കുന്നതിനുള്ള മുഖവുരയായും കരുതാം. ●

الَّذِينَ يُقِيمُونَ الصَّلَاةَ وَيُؤْتُونَ الزَّكَاةَ وَهُم بِالْآخِرَةِ هُمْ يُوقِنُونَ ﴿٤﴾

أُولَٰئِكَ عَلَىٰ هُدًى مِّن رَّبِّهِمْ ۖ وَأُولَٰئِكَ هُمُ الْمُفْلِحُونَ ﴿٥﴾

4. നമസ്കാരം അനുഷ്ഠിക്കുന്നവരും സകാത്ത് കൊടുക്കുന്നവരുമാണവർ. അവർ തന്നെയാകുന്നു പരലോകത്തിൽ ദൃഢവിശ്വാസമുള്ളവർ.

5. അക്കൂട്ടർ തങ്ങളുടെ വിധാതാവിങ്കൽനിന്നുള്ള സന്മാർഗത്തിൽ നിലകൊള്ളുന്നു. ജീവിതം സഫലമാക്കുന്നവരും അവർ തന്നെയാകുന്നു.

**4,5**

الَّذِينَ يُقِيمُونَ الصَّلَاةَ = നമസ്കാരം അനുഷ്ഠിക്കുന്നവ(രും)ർ وَيُؤْتُونَ الزَّكَاةَ = സകാത്ത് കൊടുക്കുന്നവരും (ആണവർ)

وَهُم بِالْآخِرَةِ هُمْ = അവർ തന്നെയാകുന്നു പരലോക(ത്തിൽ)ം കൊണ്ട്

يُوقِنُونَ = (ദൃഢവിശ്വാസമുള്ളവർ) ദൃഢമായി വിശ്വസിക്കുന്നു أُولَٰئِكَ = അക്കൂട്ടർ

عَلَىٰ هُدًى = സന്മാർഗത്തി(ൽ നിലകൊള്ളുന്നു)ന്മേലാകുന്നു مِّن رَّبِّهِمْ = അവരുടെ വിധാതാവിങ്കൽനിന്നുള്ള

وَأُولَٰئِكَ هُمُ = അവർ തന്നെയാകുന്നു الْمُفْلِحُونَ = (ജീവിതം) സഫലമാക്കുന്നവരും

മുഹ്സിനുകളുടെ ഗുണങ്ങൾ പറയുകയാണ്: അവർ അല്ലാഹുവിനെയോർത്ത് നമസ്കരിക്കുന്നവരായിരിക്കും. നമസ്കാരം മുറപ്രകാരം നിലനിർത്തുകയാണ് اقامة الصَّلَاةَ -ന്റെ ശർഇയായ അർഥം. ഈ സൂക്തം അവതരിക്കുന്ന കാലത്ത് നമസ്കാരത്തിന്റെ അനുഷ്ഠാന മുറകൾ കൃത്യമായി നിശ്ചയിക്കപ്പെട്ടിരുന്നില്ല. എങ്കിലും നമസ്കാരം കൽപിക്കപ്പെട്ടിരുന്നു. പ്രവാചകനും ശിഷ്യന്മാരും അവരുടെ സൗകര്യമനുസരിച്ച് ഒറ്റയും തെറ്റയുമായി നമസ്കാരം നിർവഹിച്ചുകൊണ്ടിരുന്നു. അങ്ങനെ നിർവഹിച്ചുകൊണ്ടിരുന്നവരെയാണ് ഇവിടെ الَّذِينَ يُقِيمُونَ الصَّلَاةَ എന്നു വ്യവഹരിച്ചിരിക്കുന്നത്. സകാത്തിന്റെ കാര്യവും ഇപ്രകാരം തന്നെ. അടിസ്ഥാനപരമായി സകാത്ത് കൽപിക്കപ്പെട്ടിരുന്നു. മുസ്‌ലിംകൾ അവരുടെ കഴിവനുസരിച്ച് അത് നിർവഹിച്ചുകൊണ്ടിരുന്നു. പ്രവാചകൻ മദീനയിലെത്തി ഒരു സ്വതന്ത്ര മുസ്‌ലിം സമൂഹം രൂപംകൊണ്ട ശേഷമാണ് സകാത്തിന്റെ നടപടിക്രമങ്ങൾ നിശ്ചയിക്കപ്പെട്ടത്. നമസ്കാരത്തിന്റെയും സകാത്തിന്റെയും നിർദേശിക്കപ്പെട്ട എല്ലാ മുറകളും ക്രമങ്ങളും കഴിവിന്റെ പരമാവധി പാലിച്ചുകൊണ്ട് അവ നിർവഹിക്കുന്നവർ മാത്രമേ ഹിജ്റക്കു ശേഷം മുഹ്സിനുകൾ ആകൂ. പരലോകത്തിലുള്ള ദൃഢമായ വിശ്വാസമാണ് മുഹ്സിനുകളുടെ മറ്റൊരു ഗുണം. അതായത് മരണത്തോടെ ജീവിതം അവസാനിക്കുന്നില്ലെന്നും പരലോകത്ത് പുനരുജ്ജീവിപ്പിക്കപ്പെടുമെന്നും അവരുടെ ഭൗതിക ജീവിതത്തിന്റെ കണക്ക് ബോധിപ്പിക്കുകയും നന്മതിന്മകൾക്ക് രക്ഷാശിക്ഷകളനുഭവിക്കുകയും ചെയ്യേണ്ടിവരുമെന്നും ദൃഢബോധ്യമുള്ളവരാണവർ. അവർ മാത്രമാണ് പരലോകത്തിൽ ദൃഢമായി വിശ്വസിക്കുന്നത് എന്നാണ് وَهُم بِالْآخِرَةِ هُمْ يُوقِنُونَ എന്ന വാക്യത്തിന്റെ ആശയം. ഈ ദൃഢവിശ്വാസത്തിന്റെ ഫലമാണ് നമസ്കാരത്തിലും സകാത്തിലുമുള്ള അവരുടെ ജാഗ്രത എന്നും, നമസ്കാരത്തിലും സകാത്തിലും അശ്രദ്ധയോ വൈമുഖ്യമോ കാണിക്കുന്നവരുടെ പരലോക വിശ്വാസം ദൃഢമല്ല എന്നുമുള്ള ധ്വനി കൂടി ഈ വാക്യത്തിലുണ്ട്.

അല്ലാഹുവിലും പരലോകത്തിലും ദൃഢമായി വിശ്വസിക്കുകയും ആ വിശ്വാസത്താൽ പ്രചോദിതരായി നമസ്കാരം, സകാത്ത് തുടങ്ങിയ സൽക്കർമങ്ങളിൽ ജാഗ്രത പുലർത്തുകയും ചെയ്യുന്ന സുകൃതികൾ അതിനെ ജ്ഞാനദായകവും സന്മാർഗദർശകവും മഹത്തായ ദൈവാനുഗ്രഹവുമായി കൈക്കൊള്ളുന്നു. ഖുർആനിക സൂക്തങ്ങളെ മനസ്സാക്ഷിയുടെയും പ്രകൃതിയുടെയും വിളിയായി കേൾക്കുന്ന അത്തരക്കാർ പ്രപഞ്ച വിധാതാവിങ്കൽനിന്നുള്ള മാർഗദർശനത്തിൽ നിലകൊള്ളുന്നവരാകുന്നു. അവർ തന്നെയാണ് ഐഹിക ജീവിതത്തെ പാരത്രിക ജീവിതത്തിനുവേണ്ടി സഫലമാക്കുന്നവരും. ഈ സൂക്തങ്ങളിൽ പറഞ്ഞ സംഗതികൾ ലഘുവായ വ്യത്യാസങ്ങളോടെ *അൽബഖറ* 3-5 സൂക്തങ്ങളിലും പറയുന്നുണ്ട്. കൂടുതൽ വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക.

●